LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ പുതിയ ജനറേറ്റർ

70 (777) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ പുതിയ ജനറേറ്റർ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ ഇത് സ്ഥാപിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(സി) ജനറേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ തുക ഏതു ഫണ്ടിൽനിന്നാണ് വകയിരുത്തിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തീരുമാനമെടുത്തിരുന്നു.

(ബി) 125 KVA ഡീസൽ ജനറേറ്ററാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. ഇതിനായി 23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് PWD തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ഫണ്ട്, 2005-06.

തിരുവണ്ണൂർ, മേലടി സി.എച്ച്.സി.-യിലെ സ്റ്റാഫ് പാറ്റേൺ

71 (778) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് സി.എച്ച്.എസ്. ആയി ഉയർത്തിയിട്ടുള്ള തിരുവണ്ണൂർ സി.എച്ച്.എസ്., മേലടി സി.എച്ച്.എസ്. എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ ഇതു വരെയും പ്രാബല്യത്തിൽ വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സ.ഉ.(പി.)നമ്പർ 400/14/ധന തീയതി 19-9-2014 പ്രകാരം പുതിയ തസ്തികകൾ ഇപ്പോൾ സൃഷ്ടിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

പുളിയഞ്ചേരി പി.എച്ച്.സി. സബ് സെന്റർ

72 (779) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള കൊയിലാണ്ടി നഗരസഭയിലെ പുളിയഞ്ചേരി പി.എച്ച്.സി. സബ് സെന്ററിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം എത്ര രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ ;

(ബി) ഈ സബ് സെന്ററിൽ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്ന കാര്യത്തിൽ കോഴിക്കോട് ഡി.എം.ഒ. സമക്ഷം ലഭിച്ചിട്ടുള്ള അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (ആർടി.) നം.2316/2014/ആ.ക.വ. തീയതി 8-7-2014 പ്രകാരം പുളിയഞ്ചേരി സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം 25,00,000 രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ)-യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള പുളിയഞ്ചേരി സബ് സെന്ററിന് പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുന്നതിന് നിലവിലുള്ള കെട്ടിടത്തിന്റെ സർവ്വേ റിപ്പോർട്ടും അൺഫിറ്റ്നസ് സർട്ടിഫിക്കറ്റും ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് അടിയന്തരമായി അയച്ചു തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് ബിൾഡിംഗ് സബ്ഡിവിഷൻ, കൊയിലാണ്ടി എന്നിവർക്ക് ജില്ലാ മെഡിക്കൽ ഓഫീസർ കത്ത് അയച്ചിട്ടുണ്ട്.